**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3134** **13-07-2022 - ൽ മറുപടിയ്ക്ക്**

**തിരൂർ ചരിത്ര സ്മാരക ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രവുമായി ബന്ധപ്പെട്ട് നിരവധി ചരിത്ര സ്മാരകങ്ങളും, രക്തസാക്ഷികളായ സ്വാതന്ത്ര്യ സമര പോരാളികളുടെയും ചരിത്രം നിലനിൽക്കുന്ന തിരൂരിൽ ചരിത്ര സ്മാരകങ്ങൾ ഉൾപ്പെടുത്തി ടൂറിസം പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ തിരൂരിൽ ചരിത്രസ്മാരകങ്ങൾ ഉൾപ്പെടുത്തി ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് തിരൂർ മുൻസിപ്പാലിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമായാൽ തിരൂരിൽ ചരിത്ര സാംസ്കാരിക കേന്ദ്രങ്ങളെ കോർത്തിണക്കി ടൂറിസം സർക്യൂട്ട് ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) | സംസ്ഥാനത്തെ ടൂറിസം മേഖലയിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തെല്ലാമെന്ന വിശദാംശം ലഭ്യമാക്കുമോ? | (ബി) | **സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, ലോകനിലവാരത്തിലുള്ള ടോയിലറ്റ് സൗകര്യങ്ങൾ നിർമ്മിക്കുക, വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുക, സുരക്ഷ ഉറപ്പാക്കുക, പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുക, പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള സർക്യൂട്ട് പദ്ധതികൾ, പുതിയ ടൂറിസം ഡെസ്റ്റിനേഷൻ കണ്ടെത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക തുടങ്ങി നിരവധി പദ്ധതികളാണ് വകുപ്പ് വിഭാവനം ചെയ്യുന്നത്. ഇതോടൊപ്പം വിദ്യാർത്ഥികളെ ടൂറിസം പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കുന്നതിനായി ടൂറിസം ക്ലബ്ബുകളുടെ രൂപീകരണം, പ്രാദേശി കാടിസ്ഥാനത്തിൽ പുതിയ ടൂറിസം ഡസ്റ്റിനേഷനുകൾ വികസിപ്പിക്കാനുള്ള പദ്ധതികൾ, സ്ത്രീകൾക്കായുള്ള സുരക്ഷിത വിനോദസഞ്ചാര പദ്ധതികൾ, പ്രാദേശിക തലത്തിൽ പങ്കാളിത്തം ഉറപ്പുവരുത്തി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളും നടത്തി വരുന്നു.** |

സെക്ഷൻ ഓഫീസർ